# സുറിയാനി ക്രിസ്ത്യാനികളെ 'മാപ്പിള' എന്ന് അഭിസംബോധന ചെയ്യണം: മദ്രാസ് ഹൈക്കോർട്ട് വിധി

ആർത്താറ്റ് (പാലൂർ) പള്ളിയിൽ നിന്ന് മൂന്ന് നാഴിക ദൂരെ (ഉദ്ദേശം അഞ്ചു കിലോമീറ്റർ) മാർതോമ്മാശ്ലീഹായുടെ പേരിൽ ഇപ്പോൾ പ്രസിദ്ധമായ പാലയൂർ പള്ളിയുടെ (1810 വരെ ചാവക്കാട് പള്ളി എന്ന് രേഖ) അടുത്ത് 'പാവർട്ടി' എന്ന ദിക്കിൽ റോമൻ കത്തോലിക്കാ സുറിയാനിക്കാർക്ക് ഒരു പള്ളിയും ഹൈസ്ക്കൂളുമുണ്ട്. പള്ളിവക ഒരു ലേലക്കുറിയിൽ പ്രസിദ്ധപ്പെട്ട ഗുരുവായൂർ ക്ഷേത്രത്തിനടുത്ത് താമസിക്കുന്ന കരുമാഞ്ചേരി കാരണവർ കൃഷ്ണൻനായർ മുതൽ ചില നായർ പ്രമാണികൾ ചേർന്നിരുന്നു. കുറി അവർ ലേലം വിളിച്ചതിനാൽ, നിശ്ചിത സമയത്ത് പള്ളിയിൽ നിന്നും കുറി പണയാധാരം തയ്യാറാക്കി കൊടുത്തു. അതിൽ പള്ളികൈക്കാരന്മാരായ സുറിയാനി ക്രിസ്ത്യാനികളിൽ കൊമ്പൻ പൗലൂസ് വറീയത് മുതൽപേരുടെ പേരുകളോട് ചേർത്തു 'മാപ്പിള' എന്ന് സ്ഥാനപ്പേർ വച്ചിരുന്നു. നായർ പ്രമാണിമാർ മാപ്പിള എന്ന് ചേർത്ത ഭാഗങ്ങൾ വെട്ടി താഴെ യാദാസ്ത് എഴുതി പണയാധാരം രജിസ്റ്റർ ചെയ്തു. 'മാപ്പിള' എന്ന പേർ വെട്ടിയതിനാൽ പള്ളിയിൽ നിന്നും കുറി വക സംഖ്യ കൊടുത്തില്ല. അതിനാൽ 1087–ന് 1912 ജൂലൈ 1–ാം തീയതി നായർ പ്രമാണികൾ ചാവക്കാട് മുൻസിഫ് കോർട്ടിൽ (ബ്രിട്ടീഷ് മലബാർ) 498–ാം നമ്പർ ആയി ഒരു വ്യവഹാരം ഫയലാക്കി. സുറിയാനി ക്രിസ്ത്യാനികൾ വാദികളേക്കാൾ കീഴ്ജാതിക്കാരാണെന്നും അതിനാൽ 'മാപ്പിള' എന്ന പദം ആധാരത്തിൽ എഴുതിയത് ന്യയരഹിതമാണെന്നും കുറി പണയാധാരപ്രകാരമുള്ള സംഖ്യ കിട്ടേണ്ടതാണെന്നും വാദിച്ചു.

പ്രതികളായ സുറിയാനി ക്രിസ്ത്യാനികൾ വാദികളേക്കാൾ എത്രയോ ഉന്നതജാതിക്കാരാണെന്നും ആധാരത്തിൽ 'മാപ്പിള' എന്ന പദങ്ങൾ മനഃപൂർവ്വം വെട്ടിക്കളഞ്ഞത് തങ്ങളുടെ അഭിമാനത്തെ ക്ഷതപ്പെടുത്താൻ മാത്രമായിരുന്നുവെന്നും കാണിച്ച് പള്ളികൈക്കാരന്മാർ പത്രിക ബോധിപ്പിക്കുകയും കുറി വക സംഖ്യ കോർട്ടിൽ കെട്ടിവയ്ക്കുകയും ചെയ്തു.

ആർത്താറ്റ് ഇടവകയിൽ നിന്ന് കോട്ടപ്പടി പെൻഷ്യൻസ് രജിസ്ട്രാർ എ. ജി. തോമസ് അവർകളെയും കുന്നംകുളം കാക്കശ്ശേരി ഇട്ടി മാണി മാത്തു അവർകളെയും തിരുവിതാംകൂറിൽ നിന്ന് കെ. സി. മാമ്മൻ മാപ്പിള അവർകളെയും മറ്റു ചിലരെയും ഈ കേസിൽ സാക്ഷികളായി വിസ്തരിക്കുകയുണ്ടായി.

ചരിത്രപരമായ പല രേഖകളും പരിശോധിച്ചതിന്റെ ഫലമായി മുൻസിഫ് മി. എം. ആർ. ശങ്കരവാരിയർ അന്യായം തള്ളി പ്രതികൾക്ക് ചിലവ് കൊടുപ്പാൻ കൽപിച്ച് താഴെപ്പറയുംപ്രകാരം വിധിച്ചു. അതിന്റെ വിവർത്തനം "പ്രതികളുടെ സമുദായാംഗങ്ങൾക്ക് 'മാപ്പിള' (മഹാപിള്ള) എന്ന അഭിധാനത്തിന് അവകാശമുണ്ട് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല എന്ന് തെളിവുകൾ വ്യക്തമാക്കുന്നു. ആ അഭിധാനം അവരുടെ ജാതിപ്പേരിന്റെ ഒരംശമായിത്തീർന്നിട്ടുണ്ടെന്നാണ് തെളിവുകൊണ്ടു കാണുന്നത്. സുറിയാനി ക്രിസ്ത്യാനികളുടെ പേരോടുകൂടി 'മാപ്പിള' എന്ന് ചേർക്കുന്നത് ഒരു പുതിയ കണ്ടുപിടുത്തമോ പരിഷ്ക്കാരമോ അല്ലെന്നും അത് പുരാതനകാലം മുതൽക്കുതന്നെ നിലനിന്നു വരുന്ന ഒരു സമ്പ്രദായമാണെന്നും സംശയരഹിതമായി തെളിയുന്നുണ്ട്. ഒരു സുറിയാനി ക്രിസ്ത്യാനിയെ 'മാപ്പിള' എന്ന അഭിധാനം ചേർത്തു വിളിക്കുന്നതിൽ ഒരു നായർക്ക് യാതൊരു അഭിമാന ക്ഷതവുമില്ല. അതുകൊണ്ട് പ്രതികളുടെ ഈ വാദത്തോട് ഞാൻ അനുകൂലിക്കുന്നു.'

അതിങ്കൽ കോഴിക്കോട് ഡിസ്ട്രിക്റ്റ് കോർട്ടിൽ വാദികൾ 1913–ൽ 642–ാം നമ്പർ ആയി അപ്പീൽ ബോധിപ്പിച്ചു. ഡിസ്ട്രിക്റ്റ് ജഡ്ജി മി. എ. എഡ്ജിങ്ടൺ സായ്പ്പ് ഐ.സി.എസ്. ബാർ അറ്റ് ലോ, മുൻസിഫിനോട് യോജിക്കുകയും പ്രതികൾക്ക് കോർട്ട് ചെലവ് കൊടുപ്പാൻ കൽപിച്ച് താഴെ പറയുംപ്രകാരം അഭിപ്രായം പ്രസ്താവിക്കുകയും ഉണ്ടായി.

അതിന്റെ വിവർത്തനം: 'സുറിയാനി ക്രിസ്ത്യാനികൾ ഒരു വിധത്തിലും നായന്മാരേക്കാൾ താണവരല്ല (ലോഗൻ സായിപ്പിന്റെ മലബാർ മാനുവൽ). വാദികളുടെ ഒരു ആധാരത്തിൽ നിന്ന് 'നായർ' എന്ന പദം വെട്ടിക്കളയുമ്പോൾ വാദികൾക്ക് ഏതുപ്രകാരം അപമാനം കൈവരുമെന്ന് അവർ സമ്മതിക്കുന്നുവോ അതേപ്രകാരം തന്നെ പ്രതികളുടെ ഒരു ആധാരത്തിൽ നിന്ന് 'മാപ്പിള' എന്ന പദം വെട്ടിക്കളയുമ്പോൾ അവർക്കും അഭിമാനക്ഷയമായിരിക്കുമെന്ന് നിസ്സംശയം പറയാമെന്ന് താഴെപ്പറയുന്ന പഴഞ്ചൊല്ലിനാൽ സമർത്ഥിച്ചു. 'പുലച്ചിക്ക് വെച്ചത് പുലയനും പറ്റും', അല്ലെങ്കിൽ അങ്ങോട്ടും ഇങ്ങോട്ടും വഴി ഒപ്പം തരിക (Priory Council 18–ാം ആഴ്ചത്തെ റിപ്പോർട്ട്, പു. 301).

വാദികൾ ആ വിധിയിന്മേൽ 1914–ൽ 1533–ാം നമ്പർ ആയി മദ്രാസ് ഹൈക്കോർട്ടിൽ രണ്ടാം അപ്പീൽ ഫയലാക്കി. 1915 നവംബർ 9–ാം തീയതി ബഹു. ജസ്റ്റീസ് സദാശിവയ്യരും ജസ്റ്റീസ് നാപ്പിയർ സായിപ്പും പ്രഥമവിചാരണയിൽ അപ്പീൽ തള്ളിക്കളയുകയും ചെയ്തു.

അങ്ങനെ സുറിയാനി ക്രിസ്ത്യാനികളെ 'മാപ്പിള' എന്ന് അഭിധാനം ചെയ്യണമെന്ന് വിധിമൂലം സ്ഥാപിക്കുകയുണ്ടായി.

(ഫാ. ഡോ. ജോസഫ് ചീരൻ രചിച്ച *പാലൂർ-കുന്നംകുളം ഇടവകകൾ ചരിത്രവും സംസ്ക്കാരവും* എന്ന ഗ്രന്ഥത്തിൽ നിന്നും, പേജ് 316-318)